Malappuram District Police

## 11/05/2018 മഞ്ചേരി

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വാഹനങ്ങൾ വാടകക്കെടുത്ത് വ്യാജ ആർ.സി, ഇൻഷുറൻസ്, ടാക്സ് എന്നിവയുണ്ടാക്കി വിൽപന നടത്തുന്ന സംഘത്തെ മഞ്ചേരി പ്രത്യേക അന്വേഷണസംഘം പിടികൂടി. നിലമ്പൂർ അകമ്പാടം വട്ടപ്പറമ്പൻ അബ്ദുല് റസാഖ്(45), തൃശൂർ ഇരിഞ്ഞാലക്കുട കണ്ടേങ്ങാട്ടിൽ വീട്ടില് ജോഷി എന്ന ജോഷ് (33), തൃശൂർ ഇറവ് ഉണ്ണികാട്ടിൽ മണിലാൽ(33) എന്നിവരാണ് പിടിയിലായത്.

മഞ്ചേരി സ്വദേശിയായ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള ഇന്നോവ കാർ കഴിഞ്ഞ ജനുവരി ഒമ്പതിന് നിലമ്പൂർ സ്വദേശികളായ നൗഷാദ്, റസാഖ് എന്നിവർ ചേർന്ന് കൊണ്ടുപോവുകയും പ്രതി ജോഷിയുടെ സഹായത്തോടെ വ്യാജരേഖയുണ്ടാക്കി വാഹനം വിറ്റെന്ന പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ് സംഘത്തെ കുറിച്ച് വിവരം ലഭിക്കുന്നത്.

സംഭവത്തിനു ശേഷം പ്രതി അബ്ദുൽ റസാഖ് നേരത്തെ കോടതിയിൽ കീഴടങ്ങിയിരുന്നു. ഇയാളെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തതോടെയാണ് സംഘത്തിലെ മറ്റു പ്രതികളായ ജോഷി, മണിലാൽ എന്നിവരെകുറിച്ചു സൂചന ലഭിച്ചത്. തൃശൂർ, ചാലക്കുടി, ഇരിഞ്ഞാലക്കുട പൊലിസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത വഞ്ചാനാ കേസിൽ രണ്ട് ദിവസം മുമ്പാണ് ജോഷി ജാമ്യത്തിൽ ഇറങ്ങിയത്.

ഇയാളെ തൃശൂരിൽ നിന്ന് പിടികൂടി ചോദ്യം ചെയ്തതോടെ എറണാംകുളം പറവൂർ സ്വദേശിയില്

നിന്ന് വാഹനം കണ്ടെടുത്തു. ഇവർ നിർമിച്ച വ്യാജരേഖകളും കണ്ടെടുത്തു. വാഹനങ്ങൾക്ക് വ്യാജരേഖകള് നിർമിച്ചയാളാണ് തൃശൂർ സ്വദേശി മണിലാൽ. ഇയാളെ ചോദ്യം ചെയ്തതിൽ നിരവധി വാഹനങ്ങളുടെ രേഖകൾ നിർമിച്ചതായും വെളിപ്പെടുത്തി.